**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1706** **20-06-2024 - ൽ മറുപടിയ്ക്ക്**

**തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തരിശുഭൂമി കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കുന്ന പുതിയ പദ്ധതികളെ കുറിച്ച് വിശദമാക്കാമോ; | (എ) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ട് അനുഭവിച്ച കർഷകർക്ക് ഒരു കൈത്താങ്ങായും ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനുമാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21 സാമ്പത്തിക വർഷത്തിലും 2021-22 സാമ്പത്തിക വർഷത്തിലും നടപ്പിലാക്കിയത്. 'തരിശുനിലകൃഷി' ഈ പദ്ധതിയുടെ ഒരു പ്രധാന ഘടകം ആയിരുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ തരിശുനില കൃഷിക്ക് പ്രോത്സാഹനം നൽകി.<br><br>2024-25 സാമ്പത്തിക വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലും 'വിള വൈവിധ്യവൽക്കരണം, വിള തീവ്രത അവതരണം' എന്ന പദ്ധതിയിലും തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നു.<br><br>നെൽകൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശു നില നെൽകൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40000 രൂപ നൽകുന്നു. ഇതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 280 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.<br><br>തരിശു നിലങ്ങളിലും തെങ്ങിൻ തോട്ടങ്ങളിലെ ഇടപ്രദേശവും ഉപയോഗപ്പെടുത്തി വിള പരിക്രമം, ബഹുവിള കൃഷി, ഇടവിള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി വിള വൈവിധ്യവൽക്കരണം, വിള തീവ്രത അവതരണം' എന്ന പദ്ധതിയിലൂടെ ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, |

| | | | |
|---|---|---|---|
| | | | എണ്ണക്കുരുക്കൾ എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നു. |
| (ബി) | അരുവിക്കര മണ്ഡലത്തിൽ കണക്കാക്കപ്പെട്ടിട്ടുള്ള തരിശു ഭൂമിയുടെ വിസ്തൃതി എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ? | (ബി) | അരുവിക്കര മണ്ഡലത്തിൽ പഞ്ചായത്ത് തിരിച്ച് കണക്കാക്കപ്പെട്ടിട്ടുള്ള തരിശ് ഭൂമിയുടെ വിസ്തൃതി ചുവടെ പട്ടികയിൽ ചേർക്കുന്നു. |

| നമ്പർ | കൃഷി ഭവൻ | തരിശുഭൂമി |
|---|---|---|
| 1 | അരുവിക്കര | 7 ha |
| 2 | വിതുര | 10 ha |
| 3 | വെള്ളനാട് | 10 ha |
| 4 | ഉഴമലക്കൽ | 8 ha |
| 5 | കുറ്റിച്ചൽ | 5 ha |
| 6 | ആര്യനാട് | 8 ha |
| 7 | പൂവച്ചൽ | 10 ha |
| 8 | തൊളിക്കോട് | 10 ha |

സെക്ഷൻ ഓഫീസർ